നം.ഡി5/26330/17/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 11/05/2017

# സർക്കുലർ 2

വിഷയം – പൊതുവിദ്യാഭ്യാസം– ജീവനക്കാര്യം – ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിന്നുള്ള ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ സ്ഥാനക്കയറ്റം – തിരുത്തൽ വരുത്തി സർക്കുലർ പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്.

സൂചന – 1) ഹയർസെക്കൻഡറി ഡയറക്ടറുടെ 27.04.2017 ലെ എഡി.ബി 7/20239/2016/എച്ച്.എസ്.ഇ നമ്പർ കത്ത്
2) ഈ ഓഫീസിലെ 06.05.2017 ലെ ഇതേ നമ്പർ സർക്കുലർ

ഡിപ്പാർട്ട്മെന്റൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിന്നും ഹയർസെക്കൻഡറി പ്രിൻസിപ്പാൾ സ്ഥാനക്കയറ്റത്തിന് അർഹരായവരുടെ അപേക്ഷ ക്ഷണിക്കുവാൻ സൂചന (1) പ്രകാരം ഹയർസെക്കൻഡറി ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നു. 31.12.2016 വരെയുള്ള ഡിപ്പാർട്ട്മെന്റ് ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച താൽകാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകർ മാത്രം ഹയർസെക്കൻഡറി സ്ഥാനക്കയറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

31.12.2016 വരെയുള്ള ഡിപ്പാർട്ട്മെന്റ് ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച താൽകാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും, ടി തസ്തികയിൽ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതും, ഇതുവരെ അപേക്ഷ സമർപ്പിക്കാത്തതുമായ എല്ലാ അദ്ധ്യാപകർക്കും ഹയർസെക്കൻഡറി പ്രിൻസിപ്പാൾ സ്ഥാനക്കയറ്റത്തിന് അപേക്ഷ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന സമർപ്പിക്കാവുന്നതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് മേലൊപ്പ് ചാർത്തിയ അപേക്ഷകൾ മാത്രമേ ഹയർസെക്കൻഡറി സ്ഥാനക്കയറ്റത്തിന് പരിഗണിക്കുകയുള്ളു. **നിശ്ചിത സമയപരിധിക്കുള്ളിലും വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനയും അല്ലാത്ത യാതൊരു അപേക്ഷയും ഈ ഓഫീസിൽ സ്വീകരിക്കുന്നതല്ല.** മുൻപ് അപേക്ഷയും കോൺഫിഡൻഷ്യൽ റിപ്പോർട്ടും സമർപ്പിച്ചവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

സൂചന (2) പ്രകാരമുള്ള സർക്കുലറിലെ ഖണ്ഡിക (1) ൽ പരാമർശിച്ച 01.01.2016 മുതൽ 31.12.2016 വരെയുള്ള എന്നത് **"31.12.2016 വരെയുള്ള"** എന്ന് തിരുത്തി വായിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

D. SANTHOSH KUMAR
Senior Administrative Officer
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താക്കൾ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ

പകർപ്പ്:

ഡയറക്ടർ
ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പ്
ഹയർസെക്കൻഡറി ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം